കൗൺസിലിനു നൽകുന്നതിനുവേണ്ടിയാണ് നികുതിയുടെ 5% ലൈബ്രറി സെസ്സ് (എൽ. സി.) ഈടാക്കുന്നത്. പ്രസ്തുത എൽ. സി. തുകയാണ് 25 രൂപ കെട്ടിട ഉടമയിൽനിന്നും ഈടാക്കിയിട്ടുള്ളത്. റീഫണ്ടു ചെയ്യാൻ നിയമമില്ല.

വിമുക്തഭടന്മാർക്ക് വീട്ടുകരം ഒഴിവാക്കുന്നതിന് നടപടി

104 [3801] *ശ്രീ. ടി. എം. ജേക്കബ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ പഞ്ചായത്ത് നിയമത്തിൽ വിമുക്തഭടന്മാർക്ക് വീട്ടുകരം ഒഴിവാക്കിക്കൊണ്ടുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നടപ്പിലാക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) നിയമത്തിൽ വ്യവസ്ഥയില്ലെങ്കിൽ വിമുക്തഭടന്മാർക്ക് വീട്ടുകരം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 1994-ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിന്റെ 291(2) വകുപ്പ് നൽകുന്ന അധികാരം ഉപയോഗിച്ച് സർക്കാർ വിമുക്തഭടന്മാരുടെയും അവരുടെ വിധവകളുടെയും യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശത്തെ വീടുകളെ 2004-2005 രണ്ടാം അർദ്ധവർഷം മുതൽ വസ്തു നികുതിയിൽനിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പഞ്ചായത്തുകളിലും ബാധകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കരിപ്പൂർ പഞ്ചായത്ത് രൂപീകരിക്കാൻ നടപടി

105 [3802] *ശ്രീ. കെ. എൻ. എ. ഖാദർ :*
,, യു. സി. രാമൻ :
,, ടി. പി. എം. സാഹിർ :
,, പി. കെ. കെ. ബാവ :
,, കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളം സ്ഥിതി ചെയ്യുന്ന കരിപ്പൂർ പ്രദേശം പള്ളിക്കൽ പഞ്ചായത്തിൽ നിന്നും വേർപ്പെടുത്തി കരിപ്പൂർ പഞ്ചായത്ത് എന്ന പേരിൽ ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 50,000-ൽ കൂടുതൽ ജനസംഖ്യയുള്ളതും 30 ച.കി. മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ളതുമായ പഞ്ചായത്തുകളെയാണ് വിഭജിക്കുവാൻ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. പള്ളിക്കൽ പഞ്ചായത്ത് മേൽപ്പറഞ്ഞ മാനദണ്ഡത്തിൽ ഉൾപ്പെടാത്തതിനാൽ വിഭജിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

തിരുവനന്തപുരം സിറ്റിയിലെ കേബിൾ ടി. വി. ഓപ്പറേറ്റർമാർ

106 [T 3803] *പ്രൊഫ.കെ. വി. തോമസ് :*
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
,, കെ. മോഹൻകുമാർ :
,, എം. മുരളി :
,, പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കേബിൾ ടി. വി. ഓപ്പറേറ്റർമാരുണ്ട്;

(ബി) തിരുവനന്തപുരം സിറ്റിയിലെ ഏതെല്ലാം ഭാഗത്ത് കേബിൾ ടി. വി. ഓപ്പറേറ്റർമാർ പ്രവർത്തിക്കുന്നുണ്ട് എന്നും ഇവർ ആരെല്ലാമാണ് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) തിരുവനന്തപുരം നഗരത്തിൽ ഏതാണ്ട് എല്ലാ ഭാഗത്തും കേബിൾ ടി. വി. ഓപ്പറേറ്റർമാർ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ ഇവർക്ക് ലൈസൻസ് ആവശ്യമില്ലാത്തതിനാൽ വ്യക്തമായ കണക്കുകൾ ഇപ്പോൾ നഗരസഭയിൽ ലഭ്യമല്ല. അതിനാൽ ഈ വിവരവും ശേഖരിച്ചുവരുന്നു.

കൊല്ലം നഗരസഭയുടെ വികസന പദ്ധതികൾ

107 [3804] *ശ്രീ. പ്രതാപവർമ്മ തമ്പാൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/256/2012—19

LIBRARY ARCHIVES Kerala Legislative Assembly